കെ.സി.വൈ.എം. ലാറ്റിൻ സംസ്ഥാന സമിതി
Kerala Regional Latin Catholic Secretariat
P.B. No. 620, U.C. College P.O., Aluva - 683102
Tel : 0484-2603705, +91-903700222
kcymlatinofficial@gmail.com

| Chairman | Director | President | General Secretary |
|---|---|---|---|
| Rt. Rev. Dr. Christudas R. | Fr. Anoop Kalathithara OSJ | Mr. Paul Jose | Mr. Sherin K.R |
| KRLCBC Youth Commission | 8281 588 196 | 8547 444 204 | 7559 922 829 |


KCYM/L/2025/CL/No.05 Date: 27/10/2025

സ്നേഹബഹുമാനപ്പെട്ട വൈദികരെ, സിസ്റ്റേഴ്സ്, യുവജന സുഹൃത്തുക്കളെ,

കെ.സി.വൈ.എം. ലാറ്റിൻ സംസ്ഥാന സമിതിയിൽ നിന്നുള്ള സ്നേഹാഭിവാദ്യങ്ങൾ.

## “പ്രത്യാശഗീതം” – സകല മരിച്ച വിശ്വാസികളുടെയും തിരുനാൾ ദിനാചരണത്തോടനുബന്ധിച്ച ഓൺലൈൻ പ്രാർത്ഥനാ സംഗമം

സകല മരിച്ച വിശ്വാസികളുടെയും ഓർമദിനമായ നവംബർ 2, ഞായറാഴ്ച രാവിലെ 10.00 മണി മുതൽ ഉച്ചയ്ക്ക് 1.00 മണി വരെ, കെ.സി.വൈ.എം. ലാറ്റിൻ സംസ്ഥാന സമിതിയുടെ നേതൃത്വത്തിൽ **'പ്രത്യാശഗീതം'** എന്ന പേരിൽ ഒരു ഓൺലൈൻ പ്രാർത്ഥനാ കൂട്ടായ്മ സംഘടിപ്പിക്കുകയാണ്.

കേരളത്തിലെ 12 രൂപതകളുടെയും സജീവ പങ്കാളിത്തം ഉറപ്പാക്കിക്കൊണ്ടുള്ള ഈ പ്രാർത്ഥനാ ശുശ്രൂഷയിൽ, ഓരോ രൂപതയ്ക്കും 15 മിനിറ്റ് സമയം വീതം നിശ്ചയിച്ചിരിക്കുന്നു. ഓരോ രൂപതയും തങ്ങളുടെ ഭാഗമായുള്ള പ്രാർത്ഥനാ നിയോഗങ്ങൾ ഭംഗിയായി തയ്യാറാക്കി ഈ സംസ്ഥാനതല കൂട്ടായ്മയിൽ പങ്കുവെക്കേണ്ടതാണ്. ഓരോ രൂപതയിലെയും യുവജന പ്രതിനിധികളെ ഏകോപിപ്പിച്ചുകൊണ്ട്, പ്രാർത്ഥനാ ശുശ്രൂഷയ്ക്ക് നേതൃത്വം നൽകുന്നതിന് സിസ്റ്റർ അനിമേറ്റർമാർ (Sister Animators) മുൻകൈയെടുക്കണം എന്ന് അഭ്യർത്ഥിക്കുന്നു.

ഗൂഗിൾ മീറ്റ് വഴിയാണ് ഈ പരിപാടി സംഘടിപ്പിക്കുന്നത്. അതുകൊണ്ട്, നിങ്ങളുടെ രൂപതയിലെ യുവജന പ്രതിനിധികൾ നിശ്ചയിച്ചിരിക്കുന്ന സമയത്തിന് അഞ്ച് മിനിറ്റ് മുൻപേ ഗൂഗിൾ മീറ്റ് ലിങ്കിൽ പ്രവേശിക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു. രൂപതാ സമിതികളും അതോടൊപ്പം സിസ്റ്റർ അനിമേറ്റർമാരും ഓരോരുത്തരുടെയും പങ്കാളിത്തം ഉറപ്പാക്കുകയും, പ്രാർത്ഥനാ ഭാഗങ്ങൾ സമയബന്ധിതമായി തയ്യാറാക്കുകയും ചെയ്യേണ്ടതാണ്.

മരിച്ചുപോയ എല്ലാ വിശ്വാസികളെയും ഓർത്ത് ഒരുമിച്ച് പ്രാർത്ഥിക്കുന്ന ഈ പ്രാർത്ഥനാനുഭവം നമ്മുടെ ആത്മീയ ജീവിതത്തിൽ ഒരു നവീകരണമായി മാറട്ടെ എന്ന് ആശംസിക്കുന്നു.

ഓരോ രൂപതയുടെയും സമയക്രമവും പ്രാർത്ഥനാ നിയോഗങ്ങളുടെയും വിശദാംശങ്ങൾ താഴെ ചേർക്കുന്നു:

**10:00 AM**
നേതൃത്ത്വം : തിരുവനന്തപുരം ലത്തീൻ അതിരൂപത
നിയോഗം : മരിച്ചുപോയ മാർപാപ്പ/മെത്രാൻ മാർക്കുവേണ്ടി

**10:15 AM**
നേതൃത്ത്വം : നെയ്യാറ്റിൻകര രൂപത
നിയോഗം : മരണമടഞ്ഞ KCYM പ്രവർത്തകർക്കു വേണ്ടി

**10:30 AM**
നേതൃത്ത്വം : കൊല്ലം രൂപത
നിയോഗം : ഉദരത്തിൽ വച്ച് മരിച്ചുപോയ (ഭ്രൂണ ഹത്യ) ശിശുക്കൾക്ക് വേണ്ടി

**10:45 AM**
നേതൃത്ത്വം : പുനല്ലൂർ രൂപത
നിയോഗം : യുദ്ധത്തിൽ രാജ്യത്തിനുവേണ്ടി മരണം വരിച്ച രക്ത സാക്ഷികൾക്ക് വേണ്ടി

**11:00 AM**
നേതൃത്ത്വം : വിജയപുരം രൂപത
നിയോഗം : പ്രകൃതി ദുരന്തത്തിൽ മരണമടഞ്ഞവർക്ക് വേണ്ടി

**11:15 AM**
നേതൃത്ത്വം : ആലപ്പുഴ രൂപത
നിയോഗം : പ്രാർത്ഥിക്കാൻ ആരുമില്ലാതെ മരിച്ചുപോയവർക്കുവേണ്ടി

**11:30 AM**
നേതൃത്ത്വം : കൊച്ചി രൂപത
നിയോഗം : മാതൃരാജ്യത്തിനു വേണ്ടി മരണം വരിച്ച വ്യോമ/കര/നാവിക സേനകർക്കുവേണ്ടി

**11:45 AM**
നേതൃത്ത്വം : വരാപ്പുഴ അതിരൂപത
നിയോഗം : മരിച്ചുപോയ വൈദീകർക്കും, സന്യസ്തർക്കും വേണ്ടി

**12:00 PM**
നേതൃത്ത്വം : കോട്ടപ്പുറം രൂപത
നിയോഗം : പട്ടിണി കിടന്ന് മരിച്ചവർക്ക് വേണ്ടി

**12:15 PM**
നേതൃത്ത്വം : സുൽത്താൻപേട്ട് രൂപത
നിയോഗം : ക്യാൻസർ, എയ്ഡ്സ് മുതലായ മാരക രോഗം മൂലം മരിച്ചവർക്ക് വേണ്ടി

**12:30 PM**
നേതൃത്ത്വം : കോഴിക്കോട് അതിരൂപത
നിയോഗം : ആന്തരിക സൗഖ്യം നേടാൻ സാധിക്കാതെ മരിച്ചു പോയവർക്ക് വേണ്ടി

**12:45 PM**
നേതൃത്ത്വം : കണ്ണൂർ രൂപത
നിയോഗം : ശുദ്ധീകരണ സ്ഥലത്ത് വേദന അനുഭവിക്കുന്ന ആത്മാക്കൾക്ക് വേണ്ടി

# “അനുഗ്രഹ വഴിയേ..." - വിശുദ്ധ തിരുശേഷിപ്പുകളുടെ പ്രയാണവും പൊതുദർശനവും

ഈ ജൂബിലി വർഷത്തിൽ, വിശുദ്ധിയുടെ ചരിത്രം വിളിച്ചോതുന്ന നൂറിലധികം വിശുദ്ധരുടെ തിരുശേഷിപ്പുകളുടെ പ്രയാണവും പൊതുദർശനവും സംഘടിപ്പിക്കുന്നതിന്റെ ഭാഗമായി, കെ.സി.വൈ.എം. ലാറ്റിൻ സംസ്ഥാന സമിതി "**അനുഗ്രഹ വഴിയേ...**" എന്ന ഈ ആത്മീയ പ്രയാണവുമായി കേരളത്തിലെ 12 ലത്തീൻ രൂപതകളിലേക്കും കടന്നുവരുന്നു.

ഈശോയുടെ വിശുദ്ധ കുരിശിന്റെ തിരുശേഷിപ്പ് മുതൽ പുതിയ തലമുറയിലെ വിശുദ്ധനായ വി. കാർലോ അക്യൂട്ടിസ് വരെയുള്ള വിശുദ്ധരുടെ തിരുശേഷിപ്പുകൾ ഉൾപ്പെടുന്ന ഈ മഹത്തായ ആത്മീയ അനുഭവം ഓരോ രൂപതയിലും എത്തിച്ചേരുന്നതാണ്.

## പ്രയാണ ക്രമീകരണം

- **തിരുശേഷിപ്പ് കൈമാറ്റം**: രൂപതാ തലത്തിൽ, കെ.സി.വൈ.എം. രൂപതാ പ്രസിഡന്റോ അല്ലെങ്കിൽ കെ.സി.വൈ.എം. രൂപതാ ഡയറക്ടറോ സംസ്ഥാന സമിതിയിൽ നിന്നും തിരുശേഷിപ്പുകൾ ഏറ്റുവാങ്ങി, രൂപത മുൻകൂട്ടി നിശ്ചയിച്ചിരിക്കുന്ന സ്ഥലത്തേക്ക് എത്തിക്കേണ്ടതാണ്.
- **പ്രദക്ഷിണം**: രൂപതയുടെ സൗകര്യാനുസരണം, ഇത് വാഹന റാലി രൂപത്തിലോ അല്ലെങ്കിൽ സാധാരണ പ്രദക്ഷിണമായോ ഭക്തിനിർഭരമായി സംഘടിപ്പിക്കാവുന്നതാണ്.
- **ആരംഭം**: പരിപാടിയുടെ ആത്മീയ മഹത്വം വർദ്ധിപ്പിക്കുന്നതിനായി, രൂപതയിലെ ഏതെങ്കിലും ഒരു ഇടവകയിൽ വിശുദ്ധ കുർബാനയോടെ പ്രോഗ്രാം ആരംഭിച്ച്, കുർബാനയ്ക്ക് ശേഷം തിരുശേഷിപ്പുകൾ വണങ്ങുന്ന രീതിയിൽ ക്രമീകരിക്കുന്നത് ഉചിതമായിരിക്കും.

## നിയോഗ സമർപ്പണവും പ്രാർത്ഥനയും

പൊതുദർശന വേളയിൽ, ഓരോ വിശ്വാസിക്കും തങ്ങളുടെ വ്യക്തിപരമായ പ്രാർത്ഥനാ നിയോഗങ്ങൾ **'നിയോഗപ്പെട്ടിയിൽ'** നിക്ഷേപിക്കാവുന്നതാണ്. ഈ നിയോഗങ്ങൾ സിസ്റ്റർ ആനിമേറ്റർമാർ ഏറ്റെടുക്കുകയും അവയ്ക്കുവേണ്ടി പ്രത്യേകമായി പ്രാർത്ഥിക്കുകയും ചെയ്യുന്നതാണ്. വിശുദ്ധരുടെ മാധ്യസ്ഥം വഴി ഈ പ്രാർത്ഥനകൾ അനുഗ്രഹത്തിന് കാരണമായിത്തീരട്ടെ.

## തീയതി അറിയിക്കാനുള്ള അപേക്ഷ

കഴിഞ്ഞ ദിവസങ്ങളിൽ നടന്ന രൂപതാ പ്രസിഡന്റുമാരുടെ യോഗത്തിൽ സൂചിപ്പിച്ചതുപോലെ, ഓരോ രൂപതയും തങ്ങളുടെ സമിതിയുമായി കൂടിയാലോചിച്ച്, ഈ പ്രോഗ്രാം വിജയകരമായി സംഘടിപ്പിക്കാൻ സാധിക്കുന്ന തീയതി സംസ്ഥാന സമിതിയെ എത്രയും പെട്ടെന്ന് അറിയിക്കണമെന്ന് വിനീതമായി ഓർമ്മിപ്പിക്കുന്നു. ലഭിക്കുന്ന തീയതികൾ അനുസരിച്ചായിരിക്കും സംസ്ഥാന സമിതി പ്രയാണക്രമം (പര്യടന പട്ടിക) തയ്യാറാക്കുക.

ഈ മഹത്തായ ആത്മീയ പ്രയാണം വിജയകരമാക്കുന്നതിനായി, നിങ്ങളുടെ രൂപതാ സമിതിയുടെയും യുവജനങ്ങളുടെയും പൂർണ്ണ പിന്തുണയും സഹകരണവും കെ.സി.വൈ.എം. ലാറ്റിൻ സംസ്ഥാന സമിതി ആത്മാർത്ഥമായി പ്രതീക്ഷിക്കുന്നു

# <u>സംസ്ഥാനതല ചെസ് മത്സരം – 2025</u>

കേരളത്തിലെ യുവജനങ്ങൾക്ക് വേണ്ടി ചിന്താശേഷിയും തന്ത്രപരമായ കഴിവുകളും പ്രകടിപ്പിക്കാനുള്ള ഒരു കായികമത്സരം!
കെ.സി.വൈ.എം. ലാറ്റിൻ സംസ്ഥാന സമിതിയുടെ നേതൃത്വത്തിൽ പ്രൈം ചെസ്സ് അക്കാദമിയുമായി ചേർന്നു സംസ്ഥാനതല ചെസ് മത്സരം സംഘടിപ്പിക്കുന്നു. 15 മുതൽ 30 വയസ്സ് വരെയുള്ള കെ.സി.വൈ.എം. യുവജനങ്ങൾക്ക് പങ്കെടുക്കാവുന്ന ഈ മത്സരത്തിലൂടെ മികവുറ്റ ചെസ് താരങ്ങളെ കണ്ടെത്തുകയാണ് ലക്ഷ്യം.

**മത്സരം രണ്ടു വിഭാഗങ്ങളിലായിരിക്കും:**

1. ഓപ്പൺ കാറ്റഗറി (Open Category)
2. വുമൺസ് കാറ്റഗറി (Women’s Category)

**മത്സരരീതി**

- മത്സരം Swiss System പ്രകാരമായായിരിക്കും നടക്കുക.
- എല്ലാ കളികളും FIDE അടിസ്ഥാന നിയമങ്ങൾ പാലിച്ചായിരിക്കും.
- മത്സര സമയത്ത് മൊബൈൽ ഫോൺ ഉപയോഗം നിരോധിച്ചിരിക്കും.

നിലവിൽ നാലു സോണുകളായി തിരിച്ച് മൂന്നു രൂപതകളെ വീതം ഒരുമിച്ച് ചേർത്തുള്ള മത്സരമാണ് ആദ്യഘട്ടത്തിൽ ഉദ്ദേശിക്കുന്നത്. ഇതിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്നവർക്കായി സംസ്ഥാന തലത്തിൽ ഫൈനൽ റൗണ്ടും ഉണ്ടായിരിക്കുന്നതാണ്. രജിസ്ട്രേഷൻ ലഭിക്കുന്ന മത്സരാർത്ഥികളുടെ എണ്ണം അനുസരിച്ചായിരിക്കും സോണുകൾ തീരുമാനിക്കുന്നത് അതിനായി രജിസ്ട്രേഷൻ നടപടികൾ എത്രയും പെട്ടെന്ന് പൂർത്തിയാക്കേണ്ടതുണ്ട്. ₹200 ആയിരിക്കും രജിസ്ട്രേഷൻ ഫീസ്. പ്രോഗ്രാമിന്റെ തീയതിയും സ്ഥലവും പിന്നീട് അറിയിക്കുന്നതാണ്.

നിങ്ങളുടെ രൂപതയിലെ എല്ലാ ഇടവകളിലേക്കും ഈ സർക്കുലർ ഫോർവേഡ് ചെയ്യാനും രൂപതയിൽ നിന്നും പരമാവധി മത്സരാർത്ഥികളെ പങ്കെടുപ്പിക്കുവാൻ രൂപത സമിതി അംഗങ്ങൾ പ്രത്യേകം ശ്രദ്ധിക്കുമല്ലോ. പങ്കടുക്കാൻ ആഗ്രഹിക്കുന്നവർ താഴെ നൽകിയിരിക്കുന്ന ഗൂഗിൾ ഫോം ലിങ്ക് വഴി രജിസ്ട്രേഷൻ പൂർത്തിയാക്കണം.

**രജിസ്ട്രേഷൻ ഫോം ലിങ്ക്** : https://forms.gle/eaNZtPdZti1sFCnX9
**രജിസ്ട്രേഷൻ അവസാനിക്കുന്ന തിയ്യതി**: 15/11/2025

കെ.സി.വൈ.എം. ലാറ്റിൻ സംസ്ഥാന സമിതിക്കു വേണ്ടി

KCYM LATIN STATE COMMITTEE

ഷെറിൻ കെ. ആർ.

ജനറൽ സെക്രട്ടറി